# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാങ്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1286/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 27/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാങ്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1286/2023 തീയ്യതി: 27/12/2023

## ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-03-2023 മുതൽ 01-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 08-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2023 | 08-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-12-2023 | 08-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ

ശ്രീ.എബി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.നവാസ് സി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.കൃഷ്ണദാസ് എൻ.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഡെന്നിസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി വിനീത സജീവൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ മനോജ് വി | സെക്രട്ടറി | 01-04-2022 | 28-09-2022 |
| ശ്രീ കാർത്തികേയൻ വി | സെക്രട്ടറി | 29-09-2022 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വിപിൻ കൃഷ്ണ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ ബിജു കെ ജി | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ഗ്രീഷ്മ വി മാത്യു | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ ഷാരോൺ ജോർജ് മേമൻ | മെഡിക്കൽ ഓഫീസർ പിഎച്ച്സി | 01-04-2022 | 31-03-2023 |
| ശ്രീ ശശീന്ദ്രൻ വി എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 13-09-2022 |
| ശ്രീ ബിജു കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14-09-2022 | 31-03-2023 |
| ശ്രീ ജോബിൻസ് കുര്യൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീ റിനു തോമസ് | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ ബാലമുരുഗൻ പി | ഹെഡ് മാസ്റ്റർ-ജിഎൽപിഎസ് ചിക്കണംകുടി | 01-04-2022 | 31-03-2023 |
| ശ്രീമതി അലോഷ്യ ജോസഫ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-3 |
| 5 | വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തിയില്ല- വാർഷിക കണക്കിലെ വരവ് തുകകളിലെ കൃത്യത ബോധ്യപ്പെട്ടില്ല. | 1-1-4 |
| 6 | വാർഷിക കണക്കിലെ തുകയെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-7 |
| 9 | വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ടുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഗ്രാന്റ് വിനിയോഗം | 1-3 |
| 14 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 15 | ഹെൽത്ത് മിഷൻ ഗ്രാന്റ് വിനിയോഗം അപാകതകൾ | 1-3-2 |
| 16 | കൃത്യമായ ശീർഷകത്തിലേക്ക് അക്കൗണ്ട് ചെയ്തില്ല. | 1-3-3 |
| 17 | ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 22.11 ലക്ഷം രൂപ | 1-3-4 |
| 18 | പദ്ധതി അവലോകനം | 1-4 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 20 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 1-6 |
| 21 | ക്യാഷ് പരിശോധന | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 23 | തനത് വിഭവ സമാഹരണം -അവലോകനം | 1-9 |
| 24 | തറ വിസ്തീർണം അടിസ്ഥാനമാക്കാതെ നികുതി നിർണയിച്ചു | 1-10 |
| 25 | അനധികൃത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു | 1-11 |
| 26 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 27 | ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | 1-13 |

| | | |
|---|---|---|
| 28 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-14 |
| 29 | അംഗൻവാടി പോഷകാഹാരവിതരണം -ടി.ഡി.എസ്.കിഴിവ് ചെയ്യാതെ ബിൽ തുക മാറി | 1- 15 |
| 30 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ | 1-16 |
| 31 | പൂർത്തീകരണ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല, തടസ്സം ₹10,84,600/- | 1-17 |
| 32 | പൊളിച്ചെടുത്ത വസ്തുക്കൾ ലേലം ചെയ്യേണ്ടതാണ് | 1-18 |
| 33 | ബിൽ തയ്യാറാക്കിയതിലെ അപാകങ്ങൾ - അന്വേഷണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-19 |
| 34 | കന്നുകുട്ടി പരിപാലന പദ്ധതി- വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-20 |
| 35 | അനീമിയ ഡിറ്റക്ഷൻ ക്യാമ്പ് - അപാകതകൾ | 1-21 |
| 36 | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ / ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ | 1-22 |
| 37 | പാലിയേറ്റീവ് പരിചരണ പദ്ധതി - അപാകതകൾ | 1-23 |
| 38 | കൃഷി ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച്. | 1-24 |
| 39 | വനിതകൾക്ക് തേനീച്ചപ്പെട്ടി വിതരണം (ജനറൽ)- യൂണിറ്റ് കോസ്റ്റ് അധികരിച്ച് തുക വകയിരുത്തി. | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011 KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 31.07.2023-ലെ 9(1) നം. കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 01.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ, വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക

നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ ഡെപ്യൂട്ടി ഡയറക്ടർ

തീയതി.27-12-2023 ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്)എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

1. 26/07/2011-ലെ ജി.ഒ.(എം.എസ്.) നം.152/2011-ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

2. സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ്ഷീറ്റിലെ ആസ്തിബാധ്യത കണക്കുകൾ കൃത്യമല്ല.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹17198485 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹9952128 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-4 വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തിയില്ല- വാർഷിക കണക്കിലെ വരവ് തുകകളിലെ കൃത്യത ബോധ്യപ്പെട്ടില്ല.

വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ വരവ് ഇനങ്ങളായി രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല.

1-1-5 വാർഷിക കണക്കിലെ തുകയെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

MGNREGA അഡ്മിനിസ്ട്രേറ്റിവ് എക്സ്പെൻസസ്- അഡ്വാൻസ് നൽകിയതിൽ റിക്കൂപ്പ് ചെയ്ത് ലഭിക്കാൻ അവശേഷിക്കുന്ന തുകയുടെ കൃത്യത അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബോധ്യപ്പെട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് ഹെഡ് | റിക്കൂപ്പ് ചെയ്ത് ലഭിക്കാനുള്ള |
|---|---|---|

| | | തുക (₹) |
|---|---|---|
| 1 | AFS- B18- 460500801-<br>Advance To Mahatma Gandhi NREGA/AUEGS Administrative Expense | 764237 |
| 2 | AFS- B18- 460500801- Advance To Others | 693899 |
| 3 | MGNREGA അധികൃതർ ഹാജരാക്കിയ രേഖകൾ പ്രകാരം | 1212160 |

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി18 പ്രകാരമുള്ള Advance To Others(460509901) ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ ₹693899 രൂപ വിവിധ ആവശ്യങ്ങൾക്കായി MGNREGA ഭരണചെലവുകൾക്കായി അഡ്വാൻസ് നൽകിയിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടു. ആയത് അക്കൗണ്ട് കോഡിലാണ് 460500801 അക്കൗണ്ട് ചെയ്യപ്പെടേണ്ടത്. കൃത്യമായ ഹെഡിലേക്ക് അക്കൗണ്ട് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വാർഷിക കണക്ക് പ്രകാരം MGNREGA യിൽ നിന്നും തിരികെ ലഭിക്കാനുള്ള ആകെ തുകയും(₹1458136) ഗ്രാമപഞ്ചായത്തിലെ MGNREGA അധികൃതർ ഹാജരാക്കിയ രേഖയിലെ തുകയും (₹12,12,160) തമ്മിൽ പൊരുത്തപ്പെടാത്തതിനാലും 2022-23 വർഷത്തിൽ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കാത്തതിനാലും ഗ്രാമപഞ്ചായത്തിലേക്ക് റീക്കുപ്പ് ചെയ്ത് ലഭിക്കാനുള്ള തുകയുടെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടില്ല.

### 1-1-6 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ജേണലിലൂടെ ക്രമീകരണങ്ങൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

### 1-1-7 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം ജേർണ്ണൽ വൗച്ചർ പ്രകാരം എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

### 1-1-8 വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

### 1-1-9 ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ടുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

1. ഗുണഭോക്തൃ വിഹിതമിനത്തിലെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചില്ല- ബാധ്യതയായി തുടരുന്നു.

സുലേഖ ചെലവ് പത്രിക പ്രകാരം വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള ഗുണഭോക്തൃ വിഹിതമിനത്തിലെ ചെലവ് ₹652992/- യാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (320800101) തൻവർഷത്തെ ചെലവ് ₹629952/-യാണ്. ₹23040/- യുടെ ചെലവ് വാർഷിക കണക്കിൽ പ്രതിഫലിക്കാത്തതിനാൽ ആയത് ബാധ്യതയായി തുടരുന്നതിന് ഇടയാക്കുന്നുണ്ട്. ചെലവ് തുകകൾ തമ്മിൽ വ്യത്യാസപ്പെട്ടതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഗുണഭോക്തൃ വിഹിതമിനത്തിലെ ബാധ്യത തുകയുടെ (₹275691/-) കൃത്യത ബോധ്യപ്പെട്ടില്ല.

2. ജലനിധി ബാധ്യത ശീർഷകങ്ങളിൽ വ്യത്യാസം

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി17 പ്രകാരം ജലനിധിയ്ക്കായുള്ള 2 ബാങ്ക് അക്കൗണ്ടുകളിലായി ₹1954797/-

അവശേഷിക്കുന്നുണ്ട്. എന്നാൽ ബി4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ₹1944967/-യാണ്. ₹9830/- യുടെ വ്യത്യാസം നിലനിൽക്കുന്നു.

3. ബാലൻസ് ഷീറ്റ് ബി5, ബി16 ഷെഡ്യൂളുകൾ തമ്മിലുള്ള വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

ലോൺ തുകയിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയായി ബാലൻസ് ഷെഡ്യൂൾ ബി5 യിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയും (₹8,83,12,896/-) ഷെഡ്യൂൾ ബി16 പ്രീപെയ്ഡ് എക്സ്പെൻസസ് ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (₹8,66,66,630/-) തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ആയത് ക്രമീകരിക്കപ്പെട്ടിട്ടില്ല.

## 1-1-10 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ വിശദാംശങ്ങൾ ലഭ്യമായില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോയെന്നും തൻവർഷം ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് ചെലവഴിച്ച തുകകളെല്ലാം ഉൾപ്പെടുത്തിയോ എന്നും രേഖകളുടെ അഭാവത്തിൽ പരിശോധിക്കാനായില്ല.

## 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 21.03.2022 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 25.03.2022 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2022-23-ലെ ബജറ്റ് | 2022-23- ലെ പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 21.03.2022 ലെ 1(1)-ാം നമ്പർ തീരുമാനം | 27.03.2023 ലെ 1(1)-ാം നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 25.03.2022 ലെ 1(1)-ാം നമ്പർ തീരുമാനം | 28.03.2023 ലെ 2(1)-ാം നമ്പർ തീരുമാനം |
| മുന്നിരിപ്പ് | ₹8481761 | ₹1772177 |
| വരവ് | ₹ 161967000 | ₹177828084 |
| ആകെ വരവ് | ₹170448761 | ₹179600261 |
| ആകെ ചെലവ് | ₹163557200 | ₹174098000 |
| മിച്ചം | ₹6891561 | ₹5502261 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള സമയക്ലിപ്തതയും നടപടിക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പൂർണമായി പാലിച്ചിട്ടില്ല. കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഫലപ്രദവും കാര്യക്ഷമവുമായ ധനവിനിയോഗം സാധ്യമാക്കുന്നതിനും പര്യാപ്തമായ രീതിയിൽ ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതു വിഭാഗം | 0 | 23864037 | 23864037 | 17430560 | - |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 1513963 | 1513963 | 1040523 | - |
| വികസന ഫണ്ട്-റ്റി.എസ്.പി. | 0 | 6384000 | 6384000 | 4792785 | - |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 2700000 | 2700000 | 2112736 | - |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 7075000 | 7075000 | 5641334 | - |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3590704 | 3590704 | 2402190 | 1188514 |

| | | | | | |
|---|---|---|---|---|---|
| (അൺറ്റൈഡ് ) | | | | | |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | 0 | 8024047 | 8024047 | 2244196 | 5779851 |
| ടോട്ടൽ സാനിറ്റേഷൻ (320100181) | 724702 | 0 | 724702 | 0 | 724702 |
| അനിമൽ ഹസ്ബന്ററി (312100402) | 8295 | 0 | 8295 | 0 | 8295 |
| പട്ടിക വർഗ്ഗ വികസന വകുപ്പ് (312100414) | 10726958 | 0 | 10726958 | 0 | 10726958 |
| നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (320100149) | 0 | 351210 | 351210 | 0 | 351210 |
| ഐ.സി.ഡി.എസ് (320100125)+ (320100196) | 124425 | 403151 | 527576 | 331156 | 196420 |
| സാക്ഷരത (320100197) | 754 | 34 | 788 | 0 | 788 |
| ശുചിത്വ മിഷൻ ഗ്രാന്റ് (320100198) | 1211314 | 0 | 1211314 | 0 | 1211314 |
| സംസ്ഥാന അവാർഡ് (320100200) | 300000 | 0 | 300000 | 0 | 300000 |
| ജീവധാര (320300101) | 205607 | 9357 | 214964 | 0 | 214964 |
| ജലനിധി (320300102) | 1982835 | 1072955 | 3055790 | 1110823 | 1944967 |
| സമ്പൂർണ്ണ ശുചിത്വം (320300103) | 35750 | 0 | 35750 | 0 | 35750 |
| ഫണ്ട് (320300199) | 8202607 | 5600 | 8208207 | 1000000 | 7208207 |
| മറ്റു ഫണ്ടുകൾ(320200399) | 0 | 3286610 | 3286610 | 0 | 3286610 |
| മറ്റു ബാധ്യത(320100999) | 413125 | 0 | 413125 | 0 | 413125 |
| DWS Grant | 0 | 879 | 879 | 0 | 879 |

## 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത / പുന:ക്രമീകരിച്ച തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 4735183 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1138800 |
| വികസന ഫണ്ട്-ജനറൽ | എസ്.സി.പി. ഫണ്ടിലേക്ക് ക്രമീകരിച്ച തുക | 51963 |
| വികസന ഫണ്ട്-എസ്.സി.പി. | വികസന ഫണ്ട്-ജനറലിൽ നിന്ന് പുന:ക്രമീകരിച്ച തുക | 51963 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 233233 |
| വികസന ഫണ്ട്-റ്റി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 2553968 |

2) 2021-22 വർഷത്തെ AFS പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ഇനത്തിലെ നീക്കിയിരിപ്പ് 5291012/- രൂപയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ഇനത്തിലെ നീക്കിയിരിപ്പ് 5631757/-രൂപയുമാണ്. Untied ഇനത്തിലെ ചെലവ് 0 ആയാണ് വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി കാണുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ തൻവർഷം പലിശയിനത്തിൽ 2,81,013 രൂപ വരവ് വന്നിട്ടുണ്ട്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തൻവർഷ വരവ് ചെലവുകളാണ് ഖണ്ഡിക 1-3 യിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ILGMS, ബാങ്ക് സ്റ്റേറ്റ്മെന്റ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ILGMS പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് ₹ | 5104173 | 6936432 | 0 |
| അലോട്ട്മെന്റ്/ വരവ് ₹ | 9410570 | 9304411* | 11614751 |
| ആകെ₹ | 14514743 | 16240843 | 11614751 |
| ചെലവ് ₹ | 3591974 | 5318074 | 4646386 |
| നീക്കിയിരിപ്പ് ₹ | 10922769 | 10922769 | 6968365 |

*ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവായി രേഖപ്പെടുത്തിയിട്ടുള്ളത് പലിശയിനത്തിൽ വരവ് വന്നിട്ടുള്ള ₹2,81,013/-

കൂടെ ഉൾപ്പെടെയുള്ളതാണ്.

പി.എഫ്.എം.എസ്. പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ്, ചെലവ് ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണം.

3) കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.
4) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-3-2 ഹെൽത്ത് മിഷൻ ഗ്രാന്റ് വിനിയോഗം അപാകതകൾ

സ.ഉ(സാധാ)നം.2132/2022/തസ്വഭവ തീയതി 31-8-2022 പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖലാ ഗ്രാന്റ് അനുവദിച്ചു.

സ.ഉ.(സാധാ)നം.2156/2022/തസ്വഭവ തിയതി 1-09-2022 പ്രകാരം മാങ്കുളം ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ആയത് ചുവടെ ചേർത്തിട്ടുള്ളത് പ്രകാരം വാർഷിക ധനകാര്യ പത്രിക ബി4 ലെ ബന്ധപ്പെട്ട ഹെഡ്ഡിൽ അക്കൗണ്ട് ചെയ്യുന്നതിന് പകരം 320100149- National Rural Health Mission എന്നതിലാണ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്. കൂടാതെ പ്രസ്തുത ഗ്രാന്റുകൾ വിനിയോഗിക്കുന്നതിന് പ്രോജക്ട് രൂപീകരിച്ചെങ്കിലും നടപ്പാക്കിയില്ല. ഗ്രാന്റ് ലഭ്യമായതിന്റെ വിവരം താഴെ ചേർക്കുന്നു.

Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs (320100202)– 5.92 ലക്ഷം (ലഭ്യമായത് - ₹239640/-)

Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres (320100204) – 4.71 ലക്ഷം (ലഭ്യമായത് - ₹111570/-)
ആയത് കൃത്യമായ അക്കൗണ്ട് ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതും നിയമാനുസൃതം ഗ്രാന്റ് വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

### 1-3-3 കൃത്യമായ ശീർഷകത്തിലേക്ക് അക്കൗണ്ട് ചെയ്തില്ല.

Special Central Assistance To Tribal Sub-Plan അക്കൗണ്ട് കോഡ് 320100169 എന്നതിലേക്ക് വരവ് വന്നിട്ടുള്ള ₹513893 രൂപ Capital Contribution-Fund For Transferred Institutions -Development Of Scheduled Tribes-Capital അക്കൗണ്ട് കോഡ് 320100414 പ്രകാരമുള്ള 10726958 രൂപയുടെ പലിശയിനത്തിൽ വന്നിട്ടുള്ള വരവാണ്. Special Central Assistance To Tribal Sub-Plan ലേക്ക് വരവ് വന്നിട്ടില്ലാത്തതിനാലും മേൽ വിവരിച്ച പ്രകാരം പലിശയിനത്തിലാണ് വരവെന്നതിനാലും ആയത് ഖണ്ഡിക 1-3 ൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക കൃത്യമായ ശീർഷകത്തിലേക്ക് അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-3-4 ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 22.11 ലക്ഷം രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ(എം.എസ്.)79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ 80% ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് മേൽ പറഞ്ഞിരിക്കുന്ന ഗ്രാന്റിനങ്ങളിലൊന്നും തന്നെ ചെലവ് 80% കടന്നിട്ടില്ല. തൻമൂലം ഷോർട്ട് ഫോളായി ₹2211662/- നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ( ₹) | ഷോർട്ട് ഫോൾ ഇനത്തിൽ 2024-25-ൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 23864037 | 17430560 | 73.04 | 4772807 | 1660670 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി | 1513963 | 1040523 | 68.72 | 302793 | 170647 |
| വികസനഫണ്ട് റ്റി.എസ്.പി | 6384000 | 4792785 | 75.07 | 1276800 | 314415 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 2700000 | 2112736 | 78.24 | 540000 | 47264 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 7075000 | 5641334 | 79.73 | 1415000 | 18666 |
| ആകെ | | | | | 2211662 |

ഗ്രാമപഞ്ചായത്തിന് വാർഷിക പദ്ധതി നിർവഹണത്തിനായി ലഭിച്ച തുക സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിയത് ശരിയായ നടപടിയല്ല. അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുക ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കാനിടയാക്കുന്നുണ്ട്. ഷോർട്ട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 172 | 224770424 | 117 | 58209691 | 54 | 68% |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 11 | 3853300 | 2558812 | 66.4 |
| വെറ്ററിനറി സർജൻ | 11 | 7 | 5229600 | 1931500 | 36.93 |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 14 | 8 | 3376241 | 1595934 | 47.26 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 855000 | 0 | 0 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 20 | 157822302 | 26097376 | 16.53 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 6 | 4337400 | 2643650 | 60.95 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 3431433 | 798075 | 23.25 |
| സെക്രട്ടറി | 39 | 26 | 15924284 | 11313950 | 71.04 |
| ഹെഡ്മാസ്റ്റർ | 11 | 8 | 3835856 | 1137326 | 29.64 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 51 | 30 | 26105008 | 10133068 | 38.81 |
| ആകെ | 172 | 117 | 224770424 | 58209691 | 25.9 |

തൻവർഷം പദ്ധതിപ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 26% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. ആകെ തയ്യാറാക്കിയ 172 പദ്ധതികളിൽ 117 പദ്ധതികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. ആയുർവ്വേദം ആരോഗ്യ മേഖലയിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാനായിട്ടുണ്ട്. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് പദ്ധതി നിർവ്വഹിച്ചിട്ടില്ല, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വകയിരുത്തിയ തുകയുടെ 16.53% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഐ സി ഡി എസ് സൂപ്പർവൈസർ, സെക്രട്ടറി, ഹെഡ്മാസ്റ്റർ

എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഒഴികെയുള്ളവരുടെ പദ്ധതിച്ചെലവ് 50 ശതമാനത്തിലും കുറവാണ്. വികസനഫണ്ട്, ആസ്തി സംരക്ഷണഫണ്ട് എന്നിവയുടെ ചെലവ് ശതമാനം നിശ്ചിത പരിധി (80%) കൈവരിക്കാൻ സാധിക്കാതിരുന്നതിനാൽ ഷോർട്ട്ഫാൾ ഇനത്തിൽ ₹2211662/- പഞ്ചായത്തിന് നഷ്ടമായി. തിരക്കേറിയ വിനോദ സഞ്ചാര കേന്ദ്രമായ ആനക്കുളത്ത് ടേക്ക് എ ബ്രേക്ക് പദ്ധതി ആവിഷ്കരിച്ചെങ്കിലും സ്ഥലലഭ്യതയുമായി ബന്ധപ്പെട്ട് അനുമതി ലഭിക്കാത്തതിനാൽ പ്രൊജക്ട് നടപ്പാക്കാൻ സാധിച്ചിട്ടില്ല. വിനോദ സഞ്ചാര മേഖലയിൽ കൂടുതൽ സാധ്യതകളുള്ള പഞ്ചായത്തിൽ സ്ഥാപനത്തിന് വരുമാനം ലഭിക്കുവാൻ പര്യാപ്തമായ നൂതന പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും വിവിധ സമിതികളുടെ അടിയന്തരശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2040 | 866073 | 868113 | 863176 | 4937 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 30798000 | 30798000 | 30798000 | 0 |

## 1-6 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

2022-23 വർഷം ഗ്രാമപ്പഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1651600 | 141 |
| വിധവാ പെൻഷൻ | 3089000 | 255 |
| വാർദ്ധക്യകാല പെൻഷൻ | 11452600 | 983 |
| ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1231800 | 96 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 36800 | 3 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.2023ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹42628/- (നാൽപത്തിരണ്ടായിരത്തി അറുനൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) യുടെ ക്യാഷ് ബാലൻസ് ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരുടെ ചുമതലകൾ യഥാസമയം ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച നൽകുന്നുണ്ട്.

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. വരവിനങ്ങളുടെ രജിസ്റ്ററുകളിൽ വിവിധ ഇനങ്ങളുടെ അഡ്വാൻസ് കളക്ഷൻ രേഖപ്പെടുത്തുന്നില്ല.

കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വരവിനങ്ങളുടെ മുൻവർഷ കുടിശ്ശികയായി ധനകാര്യപത്രികയിൽ സൂചിപ്പിച്ചിട്ടുള്ള തുകകളുടെ കൃത്യത ബോദ്ധ്യപ്പെടുന്നതിനോ അവയുടെ പിരിവ് നിരീക്ഷിക്കുന്നതിനോ സാധിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലഹരണപ്പെടുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മിനിട്സ് ബുക്കിൽ തൻവർഷത്തെ വാങ്ങലുകൾ സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. വിവിധ രജിസ്റ്ററുകൾ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും വിവിധ സമിതികളുടെ അടിയന്തരശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

## 1-9 തനത് വിഭവ സമാഹരണം -അവലോകനം

### തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർധിപ്പിക്കുന്നതിലേക്കായി ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിലേക്കുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

പഞ്ചായത്ത് സെക്രട്ടറി ഓരോ മാസവും പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് ശുപാർശകൾ സഹിതം തൊട്ടടുത്ത് ചേരുന്ന ഭരണസമിതി യോഗത്തിൽ വയ്ക്കേണ്ടതാണ് [2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 60] .

### നികുതി നികുതിയേതര വരുമാ നങ്ങൾ

#### എ) തൊഴിൽ നികുതി

തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് പരിപാലിക്കുന്നില്ല. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയാറാക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

#### ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/2017- ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം ഭേദഗതി ചെയ്ത ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 10-ലെ പട്ടിക 2-ൽ ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യാപാരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തി ആനുപാതികമായ ഫീസ് ഈടാക്കുന്നില്ല.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

#### സി) വസ്തു നികുതി

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

മാങ്കുളം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിക്ക് വിധേയമായി 01/04/2011 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 -ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷക്കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഒരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023 ലെ സ.ഉ. (അച്ചടി) 25/2023/LSD നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 23/08/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗം 1(1) നമ്പർ തീരുമാനപ്രകാരം അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്.

പരിഷ്കരിച്ച വസ്തു നികുതി സഞ്ചയയിൽ ഉൾപ്പെടുത്തി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ ം/പുനർ നിർണ്ണയ ം

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. തുടർന്ന് നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

ഉത്തരവാദി ത്ത ടൂറിസം

ടൂറിസത്തിന്റെ ഗുണപരമായ അംശങ്ങൾ പരമാവധി വർദ്ധിപ്പിക്കാനും തെറ്റായ ഘടകങ്ങളെ ഇല്ലാതാക്കാനുമുള്ള ഏറ്റവും ഫലപ്രദമായ മാർഗമെന്ന നിലയിൽ ഉത്തരവാദിത്ത ടൂറിസം ലോകവ്യാപകമായി സ്വീകരിക്കപ്പെടുന്നു. പാരിസ്ഥിതികമോ സാമൂഹികമോ ആയ കോട്ടങ്ങളൊന്നും വരുത്താതെ ടൂറിസ്റ്റുകൾക്കും തദ്ദേശവാസികൾക്കും പരമാവധി പ്രയോജനം ലഭ്യമാക്കാനുള്ള സമഗ്രസമീപനമാണ് ഉത്തരവാദിത്ത ടൂറിസത്തിനുള്ളത്. ഉത്തരവാദിത്ത ടൂറിസം തദ്ദേശീയ സമൂഹത്തിന്റെ ജീവിതാവസ്ഥകളെ അത്ഭുതകരമാം വിധം മെച്ചപ്പെടുത്തി എന്നതാണ് ഏറ്റവും ശ്രദ്ധേയമായ വസ്തുത. പഞ്ചായത്തിൽ ടൂറിസം വികസന സാധ്യതയുള്ള പ്രദേശങ്ങൾ നിലവിലുണ്ട്. പദ്ധതി മാർഗ്ഗരേഖയിലെ ഖ. 8.15 ൽ നിർദ്ദേശിക്കുന്ന പ്രകാരം വിനോദ സഞ്ചാര മേഖലകൾ വികസിപ്പിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-10 തറ വിസ്തീർണം അടിസ്ഥാനമാക്കാതെ നികുതി നിർണയിച്ചു

എ) മാങ്കുളം പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.

തറ വിസ്തീർണം അടിസ്ഥാനമാക്കി നികുതി നിർണയിച്ച താഴെ പറയുന്ന, 100 ച. മീ യിൽ കൂടുതൽ വിസ്തീർണമുള്ള

കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കി ഈടാക്കി വരുന്നത്.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ) |
|---|---|---|---|
| 1 | 5/382 | വികാരി, ചർച്ച് | 160 |
| 2 | 5/400/A | റ്റീന സേവ്യർ | 254.52 |
| 3 | 2/554 | വൽസമ്മ രാജൻ | 118.74 |
| 4 | 13/64/A | സെക്രട്ടറി, മാങ്കുളം സർവീസ് സഹകരണ ബാങ്ക് | 185.54 |

ബി) മാങ്കുളം പഞ്ചായത്തിലെ 200 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള ഷോപ്പിംഗ് മാളുകൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലും 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഷോപ്പിംഗ് മാളുകൾക്ക് ചതുരശ്ര മീറ്ററിനു 70 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.

തറ വിസ്തീർണം അടിസ്ഥാനമാക്കി നികുതി നിർണയിച്ച താഴെ പറയുന്ന, 200 ച. മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 200 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള ഷോപ്പിംഗ് മാളുകൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കി ഈടാക്കി വരുന്നത്.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിസ്തീർണം |
|---|---|---|---|
| 1 | 5/176 | സെക്രട്ടറി, സഹകരണ ബാങ്ക് | 239 |
| 2 | 5/177 | സെക്രട്ടറി, സഹകരണ ബാങ്ക് | 239 |

മേൽപ്പറഞ്ഞ അപാകതകൾക്ക് (എ & ബി) വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/04.12.2023) ലഭ്യമാക്കിയ മറുപടി പ്രകാരം സ്ഥല പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണയിക്കേണ്ടതാണ്.

## 1-11 അനധികൃത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു

വസ്തു നികുതി നിർണയ സോഫ്റ്റ്‌വെയറായ സഞ്ചയ പ്രകാരം മാങ്കുളം ഗ്രാമ പഞ്ചായത്തിൽ 6/321, 6/324, 12/255 എന്നീ കെട്ടിട നമ്പരുകളിലായി മൂന്ന് മൊബൈൽ ടവറുകളുടെ വിവരം മാത്രമാണുള്ളത്. പഞ്ചായത്തിൽ നിലവിലുള്ള ചുവടെ ചേർത്തിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണയിച്ചിട്ടില്ല.

| ക്രമ നമ്പർ | ഓപറേറ്റർ | വാർഡ് നമ്പർ/വാർഡ് |
|---|---|---|
| 1 | ബി.എസ്.എൻ.എൽ. | 13/ആനക്കുളം |
| 2 | വി.ഐ. | 10/വേലിയാംപാറ |
| 3 | ജിയോ | 9/താളുങ്കണ്ടം |

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.01/04.12.2023) ലഭ്യമാക്കിയ മറുപടി പ്രകാരം സ്ഥല പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വസ്തു നികുതി നിർണയിച്ച്/ചട്ട പ്രകാരമുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

എ) മാങ്കുളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ സുഖ ചികിൽസാ കേന്ദ്രങ്ങൾ ലൈസൻസ് എടുത്തിട്ടില്ലായെന്ന് കാണുന്നു. കൂടാതെ സഞ്ചയ സോഫ്റ്റ് വെയറിലും വിവരങ്ങൾ ലഭ്യമല്ല.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | ട്രീബോ ട്രെൻഡ് മിസ്റ്റി ഗാർഡൻ റിസോർട്സ് |
| 2 | ബ്ലാക്ക് ബെറി ഹിൽസ് മൂന്നാർ നേച്ചർ റിസോർട്സ് & സ്പാ |

ബി) മാങ്കുളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള ആയുർവ്വേദ സുഖ ചികിൽസാ കേന്ദ്രങ്ങൾ ലൈസൻസ് എടുത്തിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | വൈൽഡ് മെഡോവ്സ് റിസോർട്ട് |
| 2 | പുളിയം കുന്നേൽ റിസോർട്സ് |
| 3 | റിവർസൈഡ് ഹോം സ്റ്റേ, മാങ്കുളം |
| 4 | റാംബ്ളർ ഗാർഡൻ റിസോർട്ട് |
| 5 | ബെഥേൽ റിവർ വ്യൂ ഇൻ |
| 6 | മാങ്കുളം ഡയറീസ് ഹോം സ്റ്റേ |
| 7 | സ്നോഫീൽഡ് റിസോർട്ട് |
| 8 | മൂൺ ഹിൽ മൂന്നാർ & നേച്ചർ റിട്രീറ്റ് &ജംഗിൾ റിസോർട്ട് |
| 9 | വൈൽഡ് മോഡോവ്സ് റിസോർട്ട് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.02/04.12.2023) ലഭ്യമാക്കിയ മറുപടി പ്രകാരം സ്ഥല പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-13 ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
2022-23 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ഇലക്ഷൻ നിക്ഷേപ തുകയായി 49000/-രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. 2020 ഡിസംബർ മാസം നടന്ന തെരഞ്ഞെടുപ്പിൽ വിജയവും നിയമാനുസൃത വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം വരണാധികാരിയിൽ നിന്ന് ലഭിച്ച തെരഞ്ഞെടുപ്പു ഫലം അടിസ്ഥാനപ്പെടുത്തി പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി PMAY ഭവന പദ്ധതിക്കായി ഗ്രാമപഞ്ചായത്തിന്റെ വിഹിതം ദേവികുളം ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകുന്നതിനായി 4 പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ, പേര് | അടങ്കൽ തുക | ബിൽ നമ്പർ / ചെക്ക് നമ്പർ , തീയതി, തുക |
|---|---|---|---|
| 1 | 67/2023,<br>പി.എം.എ.വൈ വിഹിതം ഗ്രാമപഞ്ചായത്ത് കൈമാറുന്നത്<br>(പ്രോജക്റ്റ് മുൻ വർഷ നമ്പർ 231/22) | 70000.00/-<br>(വികസന ഫണ്ട്-ജനറൽ) | 221010520096000096638, 12.05.2022<br>70000.00 |
| 2 | 54/2023,<br>പി.എം.എ.വൈ വിഹിതം ഗ്രാമപഞ്ചായത്ത് കൈമാറുന്നത് | 260000/-<br>(വികസന ഫണ്ട്-ജനറൽ) | 1)പി54.ബിഡിഒ 1/2022-23, 27.12.2023, 50000<br>2)പി54.ബിഡിഒ 2/2022-23, 27.12.2023, 70000<br>3)പി54.ബിഡിഒ 3/2022-23, 01.02.2023, 70000<br>4)പി54.ബിഡിഒ 4/2022-23, 07.02.2023, 70000 |
| 3 | 55/2023,<br>പി.എം.എ.വൈ വിഹിതം ഗ്രാമപഞ്ചായത്ത് കൈമാറുന്നത്- പട്ടിക ജാതി | 40000<br>(വികസന ഫണ്ട്-എസ്.സി.പി) | പി55.ബിഡിഒ 5/2022-23, 11.01.2023, 40000 |
| 4 | 56/2023,<br>പി.എം.എ.വൈ വിഹിതം ഗ്രാമപഞ്ചായത്ത് കൈമാറുന്നത്- പട്ടിക വർഗ്ഗം | 600000(വികസന ഫണ്ട്-റ്റി.എസ്.പി) | പി56.ബിഡിഒ 7/2022-23, 27.12.2023, 600000 |

പ്രസ്തുത പദ്ധതികളുടെ ഭാഗമായി ₹970000/- ദേവികുളം ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ച് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം.07/തീ. 5.12.2023). തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1- 15 അംഗൻവാടി പോഷകാഹാരവിതരണം -ടി.ഡി.എസ്.കിഴിവ് ചെയ്യാതെ ബിൽ തുക മാറി

അംഗൻവാടി പോഷകാഹാരവിതരണം (ജനറൽ/എസ്.സി.പി/ടി.എസ്.പി.) എന്ന പദ്ധതിയ്ക്ക് അമൃതം ന്യൂട്രീമിക്സിന് വിവിധ ബില്ലുകളിലായി കിലോഗ്രാമിന് 73.50 രൂപ നിരക്കിൽ കീർത്തി ന്യൂട്രീമിക്സ് ഇരട്ടയാറിന് തുക അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/പേര്/ അടങ്കൽ | പ്രൊജക്റ്റ് ചെലവ് | ന്യൂട്രീമിക്സ് ബിൽ നമ്പർ/തീയതി/തുക | ന്യൂട്രീമിക്സിന് നല്കിയ തുക 73.50/കിലോ |
|---|---|---|---|
| 9/22-23<br>അങ്കണവാടി പോഷകാഹാര വിതരണം (ജനറൽ)<br>1600000 | 1120042 | 1. 224/19-4-22<br>2. 230/29-6-22<br>3. 236/29-7-22<br>4. 246/27-9-22 | 61961/843 കി.ഗ്രാം<br>64166/873 „<br>76661/1043 „<br>76808/1045 „<br>ആകെ -279596/3804 കിലോ ഗ്രാം |
| 219/22-23<br>അങ്കണവാടി പോഷകാഹാര വിതരണം അധിക വിഹിതം -ടി.എസ്.പി.<br>126400 | 126400 | 1. 200/13-03-23<br>2. 277/8-2-23 | 73574/1001 കി.ഗ്രാം<br>63063/858 „<br>ആകെ - 136637/1859 കിലോ ഗ്രാം |

| | | | |
|---|---|---|---|
| 10/22-23<br>അങ്കണവാടി പോഷകാഹാര വിതരണം (ടി.എസ്.പി)<br>1200000 | 770425 | 1. 261/27-10-2022<br>2. 254/12-11-2022<br>3. 262/6-12-2022<br>4. 271/7-1-2023 | 64606/879 കി.ഗ്രാം<br>75632/1029 ,,<br>62622/852 ,,<br>72802/990 ,,<br>ആകെ 275662/3750 |

തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പിന്റെ 25.05.2018 ലെ സർക്കാർ ഉത്തരവ് (സാ.ധാ) നം. 1450/2018/ ത.സ്വ.ഭ.വ പ്രകാരം അമൃതം നടീമിക്സിന്റെ 5% ജി.എസ്.റ്റി. ഉൾപ്പെടെയുള്ള വില ₹73.50/- യാണ്. ഫയലിനോടൊപ്പം ഹാജരാക്കിയ ബിൽ പരിശോധിച്ചതിൽ ടാക്സ് കളക്ട് ചെയ്യുന്നത് സംബന്ധിച്ച് യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കുകയോ തുടർന്നുള്ള വർഷങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.
കൂടാതെ ഈ വാങ്ങൽ പ്രക്രിയയിൽ തൻവർഷത്തെ ആകെ തുക 2.5 ലക്ഷത്തിൽ അധികമാണ് (ആകെ തുക ₹691895). 2017ലെ ജി.എസ്.ടി. നിയമം സെക്ഷൻ 51(1) പ്രകാരം ജി.എസ്.ടി. ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിന് ശേഷം തുക അനുവദിക്കുമ്പോൾ കരാർ പ്രകാരമുള്ള ആകെ തുക 2.5 ലക്ഷത്തിൽ അധികമാണെങ്കിൽ സ്രോതസിൽ നിന്ന് ജി.എസ്.ടി. ടി.ഡി. എസ്. നടത്തേണ്ടതുണ്ട്. പ്രസ്തുത സ്ഥാപനത്തിന് നൽകിയ തുകയിൽ നിന്ന് ടി.ഡി.എസ്. നടത്തിയിട്ടില്ല. ടി.ഡി.എസ് ഇനത്തിൽ തുക അടയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ

2022-23 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ട് നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം./പേര് | 118/23 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ |
| ആകെ തുക | 150000 |
| ചെലവ് | 148500 |
| ബിൽ നം. | 110/148500/27.03.2023<br>BRN:- 22101052013301512169 |

വാങ്ങിയ ഉപകരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനങ്ങളുടെ പേര് | എണ്ണം | തുക |
|---|---|---|---|
| 1 | Therapeutic Ball | 2 | 11779.66 |
| 2 | C P Chair | 2 | 46285.72 |
| 3 | Ankle Foot Orthotics | | 6523.81 |
| 4 | Posterior Knee Splint | 2 | 16000.00 |
| 5 | Wrist Hand Orthos Functional Splint | 2 | 4619.05 |
| 6 | Neck Splint | 1 | 5571.43 |
| 7 | CP Standing Table | 1 | 18666.67 |

| | | | |
|---|---|---|---|
| 8 | Therapy Mat | 2 | 21095.24 |
| 9 | Air Mattress | 2 | 8829.28 |
| | CGST | | 4559.59 |
| | SGST | | 4559.59 |
| | ആകെ | | 148500.00 |

1. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (28-05-2022 ലെ സ.ഉ.(കൈ)നം.115/2022 /ത.സ്വ.ഭ.വ.) പ്രകാരമുള്ള വാങ്ങലിനുള്ള മാനദണ്ഡങ്ങൾ മേൽ പ്രൊജക്റ്റിന്റെ നടത്തിപ്പിൽ പാലിച്ചിട്ടില്ല.

2 എ) വാങ്ങൽ സംബന്ധിച്ച് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക – 7.1.4.(1) ൽ പരാമർശിച്ചിരിക്കുന്നതു പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുവാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നല്ല ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. RJ സർജിക്കൽസ്, ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയത്. പ്രസ്തുത സ്ഥാപനം സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക – 7.1.4.(1) ൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നില്ല. മാർഗരേഖ പ്രകാരം, ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നോ, ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ഹൈദരാബാദ്/കാൺപൂർ) യിൽ നിന്നോ, സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള മാനദണ്ഡങ്ങൾ മേൽ പ്രൊജക്റ്റിന്റെ നടത്തിപ്പിൽ പാലിച്ചിട്ടില്ല.

ബി) ആദ്യ ടെണ്ടറിൽ ആരും പങ്കെടുത്തില്ലെങ്കിലും റീടെണ്ടർ നടപടികൾ നടത്തിയത് സംബന്ധിച്ച് രേഖകൾ ഇല്ല.

3. രണ്ടു കുട്ടികളുടെ ആവശ്യത്തിനായാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഉപകരണങ്ങളുടെ ആവശ്യകത സംബന്ധിച്ച് മെഡിക്കൽ ക്യാമ്പ്/പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ഇല്ല. കുട്ടികൾക്ക് വേണ്ട ഉപകരണങ്ങൾ ഏതൊക്കെയെന്ന് ഡോക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരങ്ങൾ ലഭ്യമായിട്ടില്ല.

4. ഈ പ്രൊജക്റ്റിന് വേണ്ടി 2 ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു ടെണ്ടർ നോട്ടീസിൽ 7 ഇനങ്ങളും, ഒരെണ്ണത്തിൽ 9 ഇനങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. ഡോക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ആവശ്യകതാ വിവരങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ ഉപകരണങ്ങളുടെ എണ്ണത്തിൽ ഇപ്രകാരം വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

5. ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് നൽകിയത് സംബന്ധിച്ച വിവരങ്ങൾ ഇല്ല. വില കൂടിയ ഉപകരണങ്ങൾ രണ്ട് കുട്ടികൾക്കായാണ് നൽകിയിരിക്കുന്നതെങ്കിലും കുട്ടികളുടെ രക്ഷിതാക്കളുമായി കരാറിലേർപ്പെട്ടിട്ടില്ല.

6. ഉപകരണങ്ങൾ നൽകിയ കമ്പനിയുമായി കരാർ വച്ചതിന്റെ വിവരങ്ങൾ ഇല്ല.

7. ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കൈമാറിയിട്ടില്ല. ഉപകരണങ്ങൾ ഉള്ളവർക്ക് തന്നെ വീണ്ടും നൽകുന്നത് ഒഴിവാക്കാൻ ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

മേൽ വിവരിച്ച വിവരങ്ങൾക്ക് ഓഡിറ്റ് എൻക്വയറി (നം. 4/05.12.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കിടപ്പു രോഗികളായ രണ്ടു കുട്ടികൾക്കുവേണ്ടിയാണ് ഉപകരണം വാങ്ങിയതെന്നും കുട്ടികൾ രണ്ടുപേരും മരണപ്പെട്ടുപോയെന്നും ഉപകരണങ്ങൾ പി.എച്ച്.സി.യിൽ എത്തിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വാക്കാൽ അറിയിക്കുകയുണ്ടായി. ഉപകരണങ്ങളിൽ പലതും കുട്ടികളുടെ അളവെടുത്ത് തയ്യാറാക്കിയതിനാൽ വീണ്ടുമൊരാൾക്ക് ഉപയോഗിക്കാൻ സാധിക്കുകയുമില്ല. പ്രൊജക്റ്റ് നിർവ്വഹണത്തിൽ വ്യക്തമായ ആസൂത്രണം ഉണ്ടായിട്ടില്ല എന്ന് മേൽ അപാകതകൾ കാണിക്കുന്നു. ഇപ്രകാരം പ്രൊജക്റ്റുകൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാനദണ്ഡങ്ങൾ/മാർഗ്ഗരേഖ എന്നിവ പാലിച്ച് നിർവ്വഹണം നടത്തേണ്ടതാണ്.

1-17 പൂർത്തീകരണ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല, തടസ്സം ₹10,84,600/-

താഴെപ്പറയുന്ന പദ്ധതിയുടെ പൂർത്തീകരണ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം. | 12/2023 |
| പേര് | പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സോളാർ ലൈറ്റ് |

| | |
|---|---|
| | സ്ഥാപിയ്ക്കൽ |
| വകയിരുത്തിയ തുക | ₹ 10,84,800/- |
| ചെലവഴിച്ച തുക | ₹10,84,600/- (ധനകാര്യ കമ്മീഷൻ) |
| ബിൽ വിവരങ്ങൾ | XVFC/2022-23/P/9 തീ. 08/03/2023 |

പ്രസ്തുത പ്രോജക്റ്റിനു വേണ്ടി നിർവ്വഹണ ഏജൻസിയായ അനെർട്ടിന്റെ ഇടുക്കി ജില്ല എൻജിനീയർക്ക് തുക കൈമാറിയെങ്കിലും അവ സ്ഥാപിച്ചതിന്റെ വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഫയലിൽ ലഭ്യമല്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണകുറിപ്പിന് (നം.05/05.12.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത പ്രോജക്റ്റിനു ചെലവഴിച്ച ₹10,84,600/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 പൊളിച്ചെടുത്ത വസ്തുക്കൾ ലേലം ചെയ്യേണ്ടതാണ്

ചുവടെ ചേർത്തിരിക്കുന്ന പ്രൊജക്റ്റുകൾ നടപ്പാക്കിയപ്പോൾ സ്റ്റീൽ വർക്ക് ഡിസ്മാന്റിലിംഗ് എന്ന ഇനത്തിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പൊളിച്ചെടുത്ത വസ്തുക്കൾ സ്റ്റാക്ക് ചെയ്ത് മൂല്യനിർണ്ണയം നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | പൊളിച്ചെടുത്ത സ്റ്റീൽ വർക്കിന്റെ അളവ് |
|---|---|
| ചിക്കനാംകുടി സ്കൂൾ നവീകരണം (173/23) | 303.12kg |
| പെരുമ്പൻകുത്ത് പി.എച്ച്.സി. സബ്സെന്റർ നവീകരണം (158/23) | 257.31kg |

പൊളിച്ചെടുത്തവ പുനരുപയോഗിച്ചതായും കാണുന്നില്ല. പൊളിച്ചെടുത്ത സ്റ്റീൽ വർക്കുകൾ സ്റ്റാക്ക് ചെയ്ത് മൂല്യനിർണ്ണയം നടത്തേണ്ടതാണ്. ആയത് ലേലംചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 ബിൽ തയ്യാറാക്കിയതിലെ അപാകങ്ങൾ - അന്വേഷണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് വർക്കുകളുടെ നിർവ്വഹണത്തിന് ഇ-ടെണ്ടർ നടപടികളിലൂടെയാണ് കരാറുകാരെ തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ ബിൽ തയ്യാറാക്കിയ വേളയിൽ ഓരോ ഇനത്തിലും കരാറുകാരൻ ക്വോട്ടു ചെയ്ത തുകയെക്കാളും അധികനിരക്കിൽ ബിൽ തയ്യാറാക്കുകയും, കരാറുകാരൻ ക്വോട്ടു ചെയ്തതിനെക്കാൾ അധികം തുക നൽകുവാൻ ശ്രമം നടക്കുകയുമുണ്ടായി. ബില്ലിന്റെ സൂക്ഷ്മ പരിശോധനാ വേളയിൽ അസി.എഞ്ചിനീയർ അപാകത കണ്ടുപിടിക്കുകയും, വിവരം എക്സി.എഞ്ചിനീയർ ഓഫീസ് മുഖേന സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗ് ഓഫീസിലേക്ക് തുടർ നടപടികൾക്കായി റിപ്പോർട്ട് ചെയ്യുകയും ചെയ്തു. പിന്നീട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24-3-2022 തീയതിയിലെ 2(2) നമ്പർ തീരുമാനപ്രകാരം കരാറുകാരൻ ക്വോട്ടു ചെയ്ത നിരക്കിനെ ആസ്പദമാക്കി ബിൽ തയായാറാക്കുകയും 80% തുക ചുവടെ ചേർത്തിരിക്കും പ്രകാരം കരാറുകാരന് നൽകുകയും ചെയ്തു.

| പ്രൊജക്റ്റ് | നൽകിയ തുക |
|---|---|
| കവിതക്കാട് അങ്കണവാടി കലുങ്ക് നിർമ്മാണം (71/23) | 266573 |
| പാമ്പുംകയം 800 റോഡ് (77/23) | 444590 |
| താളുകണ്ടം കുടിവെള്ളപദ്ധതി (78/23) | 1220240 |

കരാറുകാരന് ക്വോട്ടു ചെയ്തതിനെക്കാൾ അധികം തുക നൽകുവാൻ സാഹചര്യമൊരുക്കിയ സംഭവത്തിൽ സ്വീകരിച്ച പരിശോധന നടപടികളുടെ തുടർ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-20 കന്നുകുട്ടി പരിപാലന പദ്ധതി- വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

മാങ്കുളം ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണ

ഉദ്യോഗസ്ഥനായി കന്നുകുട്ടി പരിപാലനത്തിനായി ആവിഷ്കരിച്ച പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രൊജക്ട് വിവരം

| പ്രൊജക്ട് നമ്പർ,<br>പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| 43/2023,<br>കന്നുകുട്ടി പരിപാലന പദ്ധതി(സ്പിൽ ഓവർ) | ₹10,50,000/-<br>(വികസന ഫണ്ട്-<br>ജനറൽ - ₹2,62,500/-)<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-<br>2,62,500<br>ഗുണഭോക്തൃ വിഹിതം- ₹5,25,000<br>) | ₹2,62,500/-<br>(വികസന ഫണ്ട്-<br>ജനറൽ- ₹2,62,500/- )<br>ബിൽ നം., തിയതി-<br>22101052009800048792/<br>26.04.2022 |

ബി) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല .

പദ്ധതി പ്രകാരമുള്ള ചെലവ് തുക 2,62,500 രൂപ പ്രൊജക്ട് ഓഫീസർ കട്ടപ്പന ICDP യുടെ ട്രഷറി അക്കൗണ്ടിലേക്ക് (A/C No. 710081400000031) കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2) പൂർണ്ണമായും ആനുകൂല്യം നൽകാത്തതിനാൽ സബ്സിഡി ഇനത്തിൽ നൽകുവാൻ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ് .

എ) 2021- 22 വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയിലൂടെ 22.03.2022 മുതൽ 26.10.2023 വരെയുള്ള കാലയളവിലേക്കാണ് ആനുകൂല്യം നൽകി പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്. ആകെ 42 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളതിൽ ഒരു കന്നുകുട്ടി മരിച്ചതിനെ തുടർന്ന് ആനുകൂല്യം നൽകുന്നത് നിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കന്നുകുട്ടിയുടെ ടാഗ് നമ്പർ | ആനുകൂല്യം നൽകൽ ആരംഭിച്ചത് | ആനുകൂല്യം നൽകൽ അവസാനിച്ചത് | നാളിതുവരെ നൽകിയ സബ്സിഡി (സംസ്ഥാനാവിഷ്കൃത ഫണ്ട് ഉൾപ്പെടെ) | ബാക്കി (സംസ്ഥാനാവിഷ്കൃത ഫണ്ട് ഉൾപ്പെടെ) |
|---|---|---|---|---|
| 100787188856 | 22.03.2022 | 28.02.2023 | 4354 | 8146 |

സബ്സിഡി ഇനത്തിൽ നൽകുവാൻ അവശേഷിക്കുന്ന തുകയായ 4073 രൂപ തിരികെ ഈടാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ബി) എല്ലാ ഗുണഭോക്താക്കൾക്കും സബ്സിഡി നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ നിന്നും (വികസന ഫണ്ട്-ജനറൽ- ₹262500) പ്രൊജക്ട് ഓഫീസർക്ക് കൈമാറി നൽകിയ തുകയുടെ (ഒരു ഗുണഭോക്താവിന് ₹6250/-) മൂല്യമുള്ള ആനുകൂല്യം പൂർണ്ണമായും നൽകാതെയാണ് പദ്ധതി അവസാനിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ആനുകൂല്യം പൂർണ്ണമായും നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രൊജക്ട് ഓഫീസർക്ക് കൈമാറി നൽകിയ തുകയിൽ സബ്സിഡി ഇനത്തിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

മേൽ വിഷയങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.08/06.12.2023) മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-21 അനീമിയ ഡിറ്റക്ഷൻ ക്യാമ്പ് - അപാകതകൾ

2022-23 വർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. അനീമിയ ഡിറ്റക്ഷൻ ക്യാമ്പ് പ്രൊജക്ട് നിർവ്വഹിച്ചിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. / പേര് | 125/23 അനീമിയ ഡിറ്റക്ഷൻ ക്യാമ്പ് |
| ആകെ തുക | ₹150000 |
| ചെലവ് | ₹136814 |
| ബിൽ നം. | 223/15-03-2023 |

ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. പ്രസ്തുത ക്യാമ്പ് സംഘടിപ്പിച്ചത് എന്നാണെന്നും അതിൽ എത്ര പേർ പങ്കെടുത്തു എന്നും ഉള്ള വിവരം പ്രൊജക്ട് ഫയലിൽ ഇല്ല.

2. ആകെ 136814/- രൂപ പ്രൊജക്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 99208/- രൂപ (അബ്സ്ട്രാക്ട് സ്റ്റേറ്റ്മെന്റ് പ്രകാരം) മെഡ്സ്റ്റാർ, അത്താണി, എറണാകുളം എന്ന കമ്പനിക്ക് HB Hemoglobinometere 6 എണ്ണം, Test Strips -2000 എണ്ണം, Lancet Gluco Meter Acon -2000 എണ്ണം എന്നിങ്ങനെ വാങ്ങിയതിന് നൽകിയിട്ടുണ്ട്. ഈ വാങ്ങലിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ. അബ്സ്ട്രാക്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 99208/- രൂപയാണ് മെഡ്സ്റ്റാർ എന്ന കമ്പനിക്ക് നൽകിയത്. 02-03-2023 ലെ Invoice No. MS/22-23/0668 പ്രകാരമുള്ള ബില്ലിൽ നികുതി ഉൾപ്പെടെ 112188/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. നൽകിയ തുകയിൽ വ്യത്യാസം വന്നിട്ടുണ്ട്. ബിൽ തുക ഒരു ലക്ഷം രൂപയിൽ കൂടുതലായതിനാൽ ടെണ്ടർ രീതിയിൽ സാധനങ്ങൾ വാങ്ങേണ്ടതാണ്. അടിയന്തിര സ്വഭാവത്തിൽ നടപ്പിലാക്കേണ്ട ഒരു പ്രൊജക്ട് അല്ലാത്തതിനാൽ സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും, 2010 ലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിനുള്ള മാർഗ്ഗരേഖയിലെ നിബന്ധനകളും പാലിച്ചുകൊണ്ടായിരുന്നു വാങ്ങൽ നടത്തേണ്ടിയിരുന്നത്.

ബി. സർക്കാർ സ്ഥാപനങ്ങളിൽ പ്രസ്തുത മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമല്ല എന്നതു സംബന്ധിച്ച നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

സി. മെഡ്സ്റ്റാർ, അത്താണി എന്ന കമ്പനി തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ ഇല്ല.

ഡി. മേൽ സാധനങ്ങൾ സ്റ്റോക്കിൽ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഇല്ല.

മേൽ വിവരങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/06.12.2023) മറുപടി ലഭ്യമാക്കിയില്ല. പ്രൊജക്ട് നിർവ്വഹണത്തിലെ മേൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നത് വരെ പ്രൊജക്ടിനായി ചെലവഴിച്ച ₹136814/- തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ / ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ

1. 2022-23 വർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്ന് സപ്ലൈക്കോ മെഡിക്കൽ സ്റ്റോർ അടിമാലിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ വാങ്ങി സ്റ്റോക്കിൽ ചേർത്ത് ഇഷ്യൂ ചെയ്തത് സംബന്ധിച്ച രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം. / പേര് | 32/23 പി.എച്ച്.സി. മരുന്ന് വാങ്ങൽ |
| ആകെ തുക | ₹139215 |
| ചെലവ് | ₹125776 |
| ബിൽ നം. | 1. 46/10-08-2022 - ₹125776/- |
| പ്രൊജക്ട് നം. / പേര് | 49/23 പി.എച്ച്.സി. മരുന്ന് വാങ്ങൽ |
| ആകെ തുക | ₹440000/- |
| ചെലവ് | ₹439840/- |
| ബിൽ നം. | 1. 145/24-01-2023 -₹47160/-<br>2.146/24-01-2023 – ₹49874/-<br>3. 147/24-01-2023 – ₹52965/-<br>4.296/28-03-2023 – ₹289841/- |

<u>ഉപകരണങ്ങൾ വാങ്ങൽ</u>

പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ കമ്പ്യൂട്ടർ, വയോജന സൗഹൃദ കസേരകൾ എന്നിവ വാങ്ങിയത് സ്റ്റോക്കിൽ ചേർത്ത് പരിപാലിച്ചിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നം. / പേര് | ആകെ തുക | ചെലവ് |
|---|---|---|---|
| 1 | 34/23 പി.എച്ച്.സി.യിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ (GeM) | 50000 | 49988 |
| 2 | 33/23 വയോജന സൗഹൃദ പ്രാഥമിക ആരോഗ്യ കേന്ദ്രം(GeM) | 47596 | 47596 |

സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭ്യമായത്, വിതരണം നടത്തിയത് എന്നിവ സംബന്ധിച്ച് പരിശോധിക്കുവാനോ, ലഭ്യമായ ഉപകരണങ്ങൾ സ്പെസിഫിക്കേഷൻ പ്രകാരമാണോ എന്ന് പരിശോധിക്കാനോ കഴിഞ്ഞിട്ടില്ല. സാധനങ്ങൾ പ്രത്യേകിച്ച് സർവ്വീസ്/റിപ്പയർ ആവശ്യമായി വരുന്ന കമ്പ്യൂട്ടർ പോലെയുള്ള ഉപകരണങ്ങളുടെ വ്യക്തമായ വിവരം, വാറണ്ടി എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. റിപ്പയർ ആവശ്യമായി വരുമ്പോൾ ആയത് വാറണ്ടി കാലാവധിക്കുള്ളിൽ ആണോ എന്ന് പരിശോധിക്കാൻ സ്റ്റോക്ക് രജിസ്റ്ററിലെ എൻട്രി ആവശ്യമാണ്. പ്രൊജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ വ്യക്തമായ വിവരങ്ങൾ സഹിതം രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/06.12.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-23 പാലിയേറ്റീവ് പരിചരണ പദ്ധതി - അപാകതകൾ

2022-23 വർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രൊജക്ട് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. / പേര് | 31/23 പാലിയേറ്റീവ് പരിചരണ പദ്ധതി |

| | |
|---|---|
| ആകെ തുക | ₹1260430/- |
| ചെലവ് | ₹233650/- |
| ബിൽ നം. | 1. 6/27-04-2022 – ₹76660/-<br>2. 9/27-04-2022 - ₹43990/-<br>3. 10/27-04-2022 - ₹37490/-<br>4. 54/25-08-2022 – ₹35650/-<br>5. 99/17-11-2022 – ₹39860/- |

1. ചെലവിനാധാരമായ ബില്ലുകളും വൗച്ചറുകളും പരിശോധിച്ചതിൽ ചെലവ് വൌച്ചറുകൾ ഇല്ലാതെ തുക നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവ് ഇനം | ആകെ തുക | റിമാർക്സ് |
|---|---|---|---|
| 1 | 9/27-4-2022- വാഹന വാടക – കുഞ്ഞുമോൻ പീറ്റർ | 16660 | വൗച്ചർ ഇല്ല |
| 2 | 9/27-4-2022 ഓണറേറിയം | 27330 | 2300 രൂപയുടെ ബിൽ മാത്രമാണ് ഉള്ളത്. |
| 3 | 10/27-04-2022 – വാഹന വാടക -കുഞ്ഞുമോൻ പീറ്റർ | 16660 | വൗച്ചർ ഇല്ല |
| 4 | 10/27-04-2022 – ചെലവ് വൗച്ചർ | 20830 | 9800/- രൂപയുടെ വൗച്ചർ മാത്രമാണ് ഉള്ളത് |
| | | | 33320+11030+25030<br>= 69380 |

മേൽ ചെലവുകളിൽ 69380/- രൂപയുടെ വൗച്ചറുകൾ/കൈപ്പറ്റ് രസീതുകൾ/ബില്ലുകൾ മുതലായവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ബിൽ നം. 06/27-04-2022 പ്രകാരം 76660/- രൂപയ്ക്ക് പാലിയേറ്റീവ് പരിചരണത്തിന് വേണ്ടിയുള്ള മരുന്നുകൾ സപ്ലൈക്കോ മെഡിക്കൽ സ്റ്റോർ അടിമാലിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഇഷ്യൂ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. പ്രൊജക്ട് പ്രകാരം വാങ്ങിയ മരുന്ന് യഥാവിധി സ്റ്റോക്കിൽ രേഖപ്പെടുത്തി വിതരണം നടത്തിയിട്ടില്ല. ആയതിനാൽ മരുന്ന് ലഭ്യമാക്കിയത് സംബന്ധിച്ച് / ആയത് വിതരണം ചെയ്തത് സംബന്ധിച്ച് കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

മേൽ വിവരങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/06-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് സംബന്ധിച്ച നിർവ്വഹണത്തിലെ മേൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണം/രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 233650/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-24 കൃഷി ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച്.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23 വർഷം 14 പ്രൊജക്ടുകളിൽ 11 എണ്ണം നിർവ്വഹണം നടത്തിയിട്ടുണ്ട്. നടപ്പിലാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ടുകളുടെ വിവരം

| ക്രമ നം. | പ്രൊജക്ട് നം./പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 101/22-23 വനിതകൾക്ക് തേനീച്ചപ്പെട്ടി | 340000 | 28800 |

| | | | |
|---|---|---|---|
| 2 | 100/22-23 പട്ടിക വർഗ്ഗ വനിതകൾക്ക് ജാതി തൈ വിതരണം | 200000 | 199080 |
| 3 | 99/22-23 പട്ടിക ജാതി വനിതകൾക്ക് ജാതി തൈ വിതരണം | 100000 | 87690 |
| 4 | 106/22-23 വന്യ മൃഗ ശല്യം പരിഹരിക്കുന്നതിനുള്ള റിപ്പലൻസ് വിതരണം | 180200 | 17600 |
| 5 | 104/22-23പൊതു സ്ഥലങ്ങളിൽ ഫല വൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ | 50000 | 49965 |
| 6 | 119/22-23 കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, കസേര, അലമാര വാങ്ങൽ | 94000 | 93769 |
| 7 | 97/22-23 വനിതകൾക്ക് ജാതി തൈ വിതരണം | 313600 | 147888 |
| 8 | 95/22-23 ഡോളോമൈറ്റ് വിതരണം | 534000 | 317520 |
| 9 | 205/22-23 ജാതി തൈ വിതരണം ജനറൽ വനിത | 400000 | 294000 |
| 10 | 204/22-23 ജാതി തൈ വിതരണം ടി.എസ്.പി. (വനിത) | 850000 | 789000 |
| 11 | 96/22-23 വേപ്പിൻ പിണ്ണാക്ക് വിതരണം | 534000 | 533500 |
| | ആകെ | 3595800 | 2558812 |

2022-23 വർഷത്തെ പ്രൊജക്ട് നിർവ്വഹണത്തിൽ കണ്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെടുന്ന പദ്ധതി ഫയലിൽ വ്യക്തിഗത അപേക്ഷ ഇല്ല.

2. ഗ്രാമ പഞ്ചായത്ത് നൽകിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ സ്ഥല വിസ്തൃതി സംബന്ധിച്ച രേഖകൾ (കരം തീർത്ത രസീത്, പാട്ട കരാർ മുതലായവ) ഇല്ല.

3. എല്ലാ ഗുണഭോക്താക്കൾക്കും ഒരേ അളവിൽ ആണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്. ഉദാഹരണത്തിന് ക്രമ നം. 8 പ്രകാരമുള്ള ഡോളോമൈറ്റ് വിതരണം എന്ന പ്രൊജക്ടിൽ ആകെ 33600 കിലോ ഗ്രാം ഡോളോമൈറ്റ്, ഒരു ഗുണഭോക്താവിന് 160 കിലോഗ്രാം വീതം 210 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലെ ഗുണഭോക്താക്കൾക്ക് അവരുടെ സ്ഥല വിസ്തൃതി, അവർ കൃഷി ചെയ്യുന്ന വിളകളുടെ അളവ് എന്നിവ പരിശോധിക്കാതെ ഒരേ അളവിൽ ഇപ്രകാരം സാധനങ്ങൾ വിതരണം ചെയ്തത് ക്രമ പ്രകാരമല്ല. ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും പോരായ്മയാണ് ഇത് വെളിവാക്കുന്നത്. ഇതുപോലെ തന്നെ ജാതി തൈ വിതരണത്തിലും എല്ലാ ഗുണഭോക്താക്കൾക്കും അവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ രേഖകൾ വാങ്ങാതെ ഏകീകൃതമായിട്ടാണ് വിതരണം ചെയ്തിട്ടുള്ളത്. തന്മൂലം സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താവിനാണോ ആനുകൂല്യം ലഭിച്ചത് എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. ഗ്രാമ പഞ്ചായത്ത് നൽകിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം സാധനങ്ങൾ സമയബന്ധിതമായി നൽകിയിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽ അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വനിതകൾക്ക് തേനീച്ചപ്പെട്ടി വിതരണം (ജനറൽ)- യൂണിറ്റ് കോസ്റ്റ് അധികരിച്ച് തുക വകയിരുത്തി.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി വനിതകൾക്ക് തേനീച്ചപ്പെട്ടി വിതരണം പദ്ധതി തൻവർഷം നടപ്പാക്കുകയുണ്ടായി.

| | |
|---|---|
| പ്രൊജക്ട് നം. / പേര് | 101/23 വനിതകൾക്ക് തേനീച്ചപ്പെട്ടി വിതരണം (ജനറൽ) |
| ആകെ തുക | ₹340000/- |
| ചെലവ് | ₹28800/- (ഗുണഭോക്തൃ വിഹിതം) |
| ബിൽ നം. | 206/04-03-2023 |
| നിർവ്വഹണം | കൃഷി ഓഫീസർ |

| | |
|---|---|
| ആകെ ഗുണഭോക്താക്കൾ | 12 |
| ആകെ നൽകിയ തേനീച്ച പെട്ടി | 2 എണ്ണം വീതം 12 പേർക്ക് - 24 |
| വിതരണം ചെയ്ത ഏജൻസി | HORTICORP പത്തനംതിട്ട |

വനിതകൾക്ക് (ജനറൽ) തേനീച്ചപ്പെട്ടി വിതരണം എന്ന പ്രോജക്ട് പ്രകാരം 2022-23 വർഷം ഒരു തേനീച്ചപ്പെട്ടിക്ക് 2400 രൂപ നിരക്കിൽ 2 തേനീച്ചപ്പെട്ടി വീതം വിതരണം ചെയ്യാനാണ് പ്രൊജക്ട് രൂപീകരിച്ചത്. ഇതു പ്രകാരം 50% ഗുണഭോക്തൃവിഹിതം 12 ഗുണഭോക്താക്കളിൽ നിന്നും 2400 രൂപ വീതം സ്വരൂപിച്ച് ചെലവാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലാ കളക്ടറുടെ 22-08-2022 ലെ ഉത്തരവ് നം. 677/2022/ഡി.പി.സി./ഡി.പി.ഒ. /ഐ.ഡി.കെ. പ്രകാരം ഉള്ള ജനകീയാസൂത്രണം-ജില്ലാ ആസൂത്രണ സമിതി -ഇടുക്കി ജില്ലാ തല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ - വൻ തേനീച്ചയും കൂടും എന്ന പദ്ധതിക്ക് 2000 രൂപയാണ് യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ ഗുണഭോക്തൃവിഹിതം പിരിച്ച് തുക കൈമാറിയിരിക്കുന്നത് യൂണിറ്റ് കോസ്റ്റിനെ അധികരിച്ചാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/06.12.2023) മറുപടി ലഭ്യമാക്കിയില്ല. തൻവർഷം ഗുണഭോക്തൃവിഹിതം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. പ്രസ്തുത പദ്ധതി അടുത്ത വർഷം(2023-24) സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. വികസനഫണ്ട് വിഹിതം ചെലവഴിക്കുമ്പോൾ യൂണിറ്റ് കോസ്റ്റിൽ അധികമാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 385816 | ലൈഫ് മിഷൻ സമ്പൂർണ പാർപ്പിട പദ്ധതി പട്ടിക വർഗ്ഗം (59/23) | 385816 | 0 |
| | 2022-23 | 209900 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (11/23) | 209900 | 0 |
| | 2022-23 | 120000 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (168/23) | 120000 | 0 |
| | 2022-23 | 260000 | പട്ടിക വർഗ്ഗ പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് (166/23) | 260000 | 0 |
| | 2022-23 | 56418 | ഗോത്ര സാരഥി പദ്ധതി (90/23) | 56418 | |
| ഇടുക്കി ജില്ലാ | 2022-23 | 400000 | സുവർണ്ണഭവനം (178/23) | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 2022-23 | 298075 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ( 89/23) | 298075 | 0 |
| | 2022-23 | 197938 | ഗോത്ര സാരഥി പദ്ധതി (90/23) | 197938 | 0 |
| | 2022-23 | 540000 | ലൈഫ് ഭവന നിർമാണം (51/23) | 540000 | 0 |

4-2 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

-- ഇല്ല --

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-- ഇല്ല --

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതി വായ്പയിനത്തിൽ ₹18730816/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | വരവ് ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി കെ.യു.ആർ.ഡി.എഫ്.സി. | 8/സ.ഉ(സാധാ) 110/2018 തീ. 13.08.2018 | 72023588 | 18730816 | 3761191 | - | 86993213 |
| ജവഹർ ഭവന പദ്ധതി | 15/ ത.സ്വ.ഭ.വ/1577/ സ.ഉ(സാധാ) തീ. 27.5.2015 | 2715098 | - | 1400000 | - | 1315098 |

വായ്പ രജിസ്റ്റർ അപൂർണ്ണമാണ്. അത് കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ലൈഫ് ഭവന പദ്ധതി വായ്പയിനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് വരുത്തിയ മുഴുവൻ തുകയുടെയും വിവരങ്ങൾ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 2007-08 | | 3-1 | 2010-11 | 5.2.22(1) | വൈദ്യുതി ഇല്ലാതെ വൈദ്യുതി നിലയം<br>ചെലവ് ₹83.57 ലക്ഷം | തീർപ്പ് കല്പിച്ചിട്ടില്ല |

## 4-8 ചാർജ് സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

– ഇല്ല -

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2001-02 | 2-5 | ശ്രീ. കെ. വിജയകുമാർ | LF-19385/ Sp.cell/ CSC/C1/04 Dt.13.07.15 | 1100 | | | | | | 1100 | |
| 2 | 2001-02 | 2-6 | ശ്രീ. കെ. വിജയകുമാർ | LF-19385/ Sp.cell/ CSC/C1/04 Dt.13.07.15 | 4955 | | | | | | 4955 | |
| 3 | 2001-02 | 2-7 | ശ്രീ. പി. എൻ. സുരേന്ദ്രൻ കൃഷി ഓഫീസർ | LF-19385/ Sp.cell/ CSC/C1/04 Dt.05.05.2005 | 14100 | | | | | | 14100 | |
| 4 | 2003-04 | 3-2 | ശ്രീ. പി. വി. മത്തായി അസി. എൻജിനീയർ | LF-14221/ Sp.cell/ CSC/C1/07 Dt.17.10.09 | 9137 | | | | | | 9137 | |
| 5 | 2003-04 | 3-2 | ശ്രീ. കെ. ജെ. ജോസ് അസി.എക്സി. എൻജിനീയർ | LF-14221/ Sp.cell/ SC2/07 Dt.17.10.09 | 9138 | | | | | | 9138 | |
| 6 | 2010-11 | 3-8 | ശ്രീ. കെ. സുബ്രഹ്മണ്യൻ അസി. എൻജിനീയർ | LF-2408/ Sp.cell/ CSC/C1/14 Dt.08.03.2016 | 6207 | Rt.No. 11605100222 Dt.22.07.16 | | | | 6207 | 0 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹25248716 |
| വരവ് | ₹50778545 |
| ആകെ | ₹76027261 |
| ചെലവ് | ₹40826417 |

| | |
|---|---|
| നീക്കിയിരിപ്പ് | ₹35200844 |
| [കുറിപ്പ് :- പഞ്ചായത്തിന്റെ 2022-23 ലെ റെസിപ്റ്റ് & പെയ്മന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്] | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1455064 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - ഇല്ല - | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 10,84,600 | കാർത്തികേയൻ വി. സെക്രട്ടറി |
| 1-21 | 1,36,814 | ഡോ. ഷാരുൺ ജോർജ് മേമൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-23 | 2,33,650 | ഡോ. ഷാരുൺ ജോർജ് മേമൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കാർത്തികേയൻ വി, സെക്രട്ടറി | സെക്രട്ടറി, ആവോലി ഗ്രാമ പഞ്ചായത്ത്, എറണാകുളം ജില്ല | വെളുത്തേടത്ത്, നികർത്ത്, തുറവൂർ പി.ഒ. ആലപ്പുഴ |
| ഡോ. ഷാരുൺ ജോർജ് മേമൻ, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ചിത്തിരപുരം | വീട് നമ്പർ 10/387, മാട്ടുപ്പെട്ടി റോഡ്, മൂന്നാർ- 685612 |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|

| റിപ്പോർട്ട് വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 2001-02 | കെ.എസ്.എ.ഐ.ഡി.കെ-പി7-1439(01-02)/ അദാലത്ത്/ 2022 തീ. 22-09-2022 | 02 | 2-5, 2-6 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ-പി7-1439(03-04)/അദാലത്ത്/ 2022 തീ. 22-09-2022 | 01 | 3-2 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ-പി7-1439(04-05)/ അദാലത്ത്/ 2022 തീ. 22-09-2022 | 02 | 3-3, 3-4 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ-പി7-1439(05-06)/ അദാലത്ത് /2022 തീ. 22-09-2022 | 01 | 3-3 |
| 2007-08 | കെ.എസ്.എ.ഐ.ഡി.കെ-പി7-1439(07-08)/ അദാലത്ത്/ 2022 തീ. 22-09-2022 | 02 | 3-1, 3-4 |
| 2008-09 | കെ.എസ്.എ.ഐ.ഡി.കെ-പി7-1439(08-09)/ അദാലത്ത്/ 2022 തീ. 22-09-2022 | 05 | 3-5, 3-8, 3-9, 3-10, 3-11 |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ-പി7-1439(09-10)/ അദാലത്ത്/ 2022 തീ. 22-09-2022 | 07 | 3-2, 3-3, 3-4, 3-6, 3-7, 3-8, 3-9 |
| 2010-11 | കെ.എസ്.എ.ഐ.ഡി.കെ-പി7-1439(10-11)/ അദാലത്ത്/ 2022 തീ. 22-09-2022 | 06 | 3-5(A,B), 3-10, 3-11, 3-12, 3-15, 3-16 |
| 2011-12 | എൽ.എഫ്.ഐ-14-1497/13/ തീ. 14-07-2014 | 28 | 2-2, 2-3 3-1 മുതൽ 3-16 വരെ 3-18 മുതൽ 3-24 വരെ, 3-26, 3-27, 3-28 |
| 2012-13 & 2013-14 | എൽ.എഫ്.ഐ-14/174/15/ തീ. 03-06-2015 | 12 | 2-1 മുതൽ 2-4 വരെ 3-1 മുതൽ 3-6 വരെ 3-8, 3-9 |
| 2014-15 | കെ.എസ്.എ.-ഐ.ഡി.കെ.-14/995/16/തീ. 28.07.2016 | 9 | 2-1 മുതൽ 2-4 വരെ 3-1 മുതൽ 3-5 വരെ |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.-ഐ.ഡി.കെ.-14/9/17 തീ. 06-01-2017 | 11 | 2-1 , 2-2<br>3-1 മുതൽ 3-9 വരെ |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ.-14-1406/2018 തീ. 02.02.2019 | 16 | 1-10, 1-12, 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-9 വരെ<br>4-7, 4-8 |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-14-1074/2019, തീ.27.05.2020 | 18 | 1-11 മുതൽ 1-28 |
| 2019-20 | നം.കെ.എസ്.എ-ഐ.ഡി.കെ-13-834/2021, തീ.30.09.2021 | 11 | 1-1, 1-3, 1-4, 1-9,<br>1-11 മുതൽ 1-17 വരെ |
| 2020-21 | നം.കെ.എസ്.എ-ഐ.ഡി.കെ-13-835/2021, തീ. 30.09.2021 | 17 | 1-10 മുതൽ 1- 25 വരെ,<br>3-1 |
| 2021-22 | നം.കെ.എസ്.എ-ഐ.ഡി.കെ-പി7-282/2023, തീ. 17.04.2023 | 34 | 1-1 മുതൽ 1- 20,3-1 മുതൽ 3-3 വരെ, |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 9(1) dated 31-07-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Mankulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mankulam Grama Panchayat for the year 2022-2023

Date: 27/12/2023

Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Mankulam Grama Panchayat for the Year 2022-2023 .

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Non -disclosure of Assets. Asset Register is not comprehensive and uptodate.

**2.Other Observations**

1. Cash flow statement - Net increase /decrease in cash flow does not match with the difference between opening balance and closing balance of cash equivalents.

2. Demand Register does not match with Financial statement.

3. Registers viz; Advance Register, Deposit Register, Arrear Demand Register, Loan Register etc; are not maintained correctly or does not match with accounts.

4. Lapses in making timely and accurate demand entries in respect of tax and non -tax revenue.

5. Lack of authenticated journal vouchers for supporting the adjustment entries recorded. and Those recorded in

prior period items.

6. Demand Registers are not periodically reconciled with accounts.

7. Liability amount shown as Liability in balance sheet does not match with bank account maintained for the specified grant Account.

8. Non Disclosure of Capital Contribution - Capital contribution opening balance details, fundwise capital contribution of current year are not available.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്